# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3237** — **14.07.2015 ൽ മറുപടിയ്ക്ക്**

## സഹകരണ നിക്ഷേപക ഗ്യാരണ്ടി സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ ശെൽവരാജ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ നിക്ഷേപക ഗ്യാരണ്ടി സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളതെന്ന് വിശദമാക്കുമോ; | (എ) പ്രവർത്തനം മന്ദീഭവിച്ചതോ, നിന്നു പോയതോ ലിക്വിഡേഷൻ നടപടികളിൽ ഉൾപ്പെട്ടതോ അല്ലാത്തതും, ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ഉൾപ്പെടാത്തതും, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാത്തരം സംഘങ്ങളെയും സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീമിൽ അംഗങ്ങളായി ചേർക്കാവുന്നതാണ്. |
| (ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും പ്രസ്തുത സ്കീമിൽ അംഗങ്ങളായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ജില്ലകളിലെ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന സംഘങ്ങളെയാണ് സ്കീമിൽ അംഗങ്ങളായി ചേർത്തു വരുന്നത്. ഇപ്രകാരം നാളിതുവരെ പല ഘട്ടങ്ങളിലായി ആകെ 2250 സംഘങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 1773 സംഘങ്ങൾ നാളിതുവരെ പ്രസ്തുത സ്കീമിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (സി) സ്കീമിൽ അംഗത്വമെടുക്കാൻ ഇനി എത്ര ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ; | (സി) സഹകരണ സംഘം രജിസ്ട്രാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ 484 സഹകരണ ബാങ്കുകൾ/സംഘങ്ങൾ സ്കീമിൽ അംഗത്വമെടുക്കുന്നതിനായി ബാക്കിയുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത ബാങ്കുകളെ പ്രസ്തുത (ഡി) സ്കീമിൽ അംഗങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | നിക്ഷേപക ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിയും വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആകയാൽ സഹകരണ സംഘം രജിസ്ട്രാർ കേരള സഹകരണ നിക്ഷേപക ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് നോട്ടിഫൈ ചെയ്ത എല്ലാ വായ്പ സഹകരണ സംഘങ്ങളും നിക്ഷേപ സുരക്ഷാ പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടയ്ക്കേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിൽ ചേരാത്ത സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ